
# ധന്വന്തരിയുടെ ദൗത്യം

ഡോ. എം.ആർ. രാഘവവാര്യർ

മലയാളത്തിലെ ആദ്യത്തെ വൈദ്യമാസികയാണ് ധന്വന്തരി . കവികുലഗുരു പി.വി. കൃഷ്ണവാര്യരുടെ മുഖ്യചുമതലയിലും വൈദ്യരത്നം പി.എസ്. വാരിയരുടെ പത്രാധിപത്യത്തിലും കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽനിന്നാണ് 1903 മുതൽ 1926 വരെയുള്ള 23 വർഷങ്ങളിൽ ഇത് മുടങ്ങാതെ പുറത്തിറങ്ങിയത്. ഒരു നീണ്ട ഇടവേളയ്ക്കുശേഷം സി.ആർ. കേശവൻ വൈദ്യരുടെയും മറ്റും ഉത്സാഹത്തിൽ കുറേക്കാലം കൂടി ധന്വന്തരി പുറത്തിറക്കുകയുണ്ടായി. ഇപ്പോൾ 2008 ഡിസംബറിൽ ധന്വന്തരി മാസികയുടെ 1903-26ലെ മുഴുവൻ ലക്കങ്ങളുടെയും ഉള്ളടക്കം ഒരു പ്രബന്ധ സൂചികയായി ഗ്രന്ഥരൂപത്തിലും പൂർണ്ണമായ ഉള്ളടക്കം സൂചികയായും ഗ്രന്ഥരൂപത്തിലും പൂർണ്ണമായ ഉള്ളടക്കം സി.ഡി. രൂപത്തിലും പുറത്തിറക്കിയിരിക്കുകയാണ്. പ്രബന്ധസൂചികയുടെ ആമുഖമായി എ.ആർ. രാഘവവാരിയർ എഴുതിയ കുറിപ്പിൽനിന്നുള്ള ഭാഗമാണ് താഴെ കൊടുക്കുന്നത്.

മലയാളത്തിലെ ആദ്യത്തെ വൈദ്യമാസികയായ ധന്വന്തരി വൈദ്യവിജ്ഞാനത്തിന്റെയും അതിനെസ്സംബന്ധിച്ച ദിശാബോധത്തിന്റേയും പ്രചാരണത്തിൽ നിർവഹിച്ച സേവനം പ്രശംസാർഹമാണ്. ആയുർവേദത്തിന്റെ സാങ്കേതികജ്ഞാനവും പ്രയോഗപദ്ധതികളും പൊതുജനങ്ങളിലെക്കെത്തിച്ചത് ധന്വന്തരി മാസികയാണ്. ആയുർവേദത്തിനു പുറമേ, ആധുനികവൈദ്യത്തിന്റെ നേട്ടങ്ങളും കൂടി മലയാളികൾ അറിഞ്ഞതും ധന്വന്തരിയുടെ ലക്കങ്ങൾ വഴിയത്രേ. ലോകത്തിലെ മറ്റു വൈദ്യസമ്പ്രദായങ്ങളും കൂടി പരിചയപ്പെടുത്തുന്നതിലും ആ മാസിക നിഷ്കർഷ പുലർത്തിപ്പോന്നു. വൈദ്യശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങൾക്കപ്പുറം അതിന്റെ സാമൂഹ്യവും സാംസ്കാരികവുമായ വസ്തുതകളെക്കൂടി സ്പർശിക്കുന്ന പഠനങ്ങളും ആ പ്രസിദ്ധീകരണം വഴിയാണ് പുറത്തുവന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒന്നാംപാദത്തിൽ ജീവിച്ച മഹാവൈദ്യന്മാരുടെ ചികിത്സാനുഭവങ്ങൾ, ഔഷധങ്ങളുടെയും മൂലകങ്ങളുടെയുംസൈദ്ധാന്തികവും പ്രായോഗികവുമാ. വശങ്ങൾ, ആയുർവ്വേദത്തിന്റെ കാലോചിതപരിഷ്കരണം, വൈദ്യപഠനത്തിന്റെ ദിശാബോധം. സംഘടനാവാർത്തകൾ, വൈദേശിക ചികിത്സാപദ്ധതികൾ, എന്നിങ്ങനെ ബഹുമുഖങ്ങളായ വിഷയങ്ങളെ സ്പർശിച്ചുകൊണ്ടുള്ള പ്രബന്ധങ്ങൾ ധന്വന്തരിയുടെ താളുകളിൽ മുറതെറ്റാതെ മാസംതോറും വായനക്കാർക്കായി ഒരുങ്ങി. പഥികൃത്ത് എന്ന വിശേഷണം സർവ്വഥാ അർഹിക്കുന്ന ആ ധന്വന്തരി മാസികയുടെ ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ പ്രബന്ധങ്ങളുടെ ഒരു സമ്പൂർണ്ണ സൂചികയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.




**ധന്വന്തരി പ്രബന്ധസൂചി**
**പ്രസിദ്ധീകരണം:**
**കോട്ടയ്ക്കൽ ആര്യവൈദ്യശാല**
**വില : 150 രൂപ**
**പേജ് : 287**

ഇരുപതാം നൂറ്റാണ്ടിന്റെ അരുണോദയത്തിലാണ് ധന്വന്തരിയുടെ ജനനം. ആ കാലം പല നിലയ്ക്കും അത്യന്തം പ്രധാനമായിരുന്നു. മലയാളത്തെ സംബന്ധിച്ചിടത്തോളം പത്തൊമ്പതാം ശതകത്തോടെ സുപ്രതിഷ്ഠ നേടിയ ആധുനികതയുടെ സാർവ്വത്രികപ്രചാരമായിരുന്നു ആ കാലത്തിന്റെ മുഖ്യസവിശേഷത. ആധുനികത എന്നുവെച്ചാൽ പാശ്ചാത്യാധുനികത എന്നും ധരിക്കണം. സർവ്വവ്യാപിയായ ആ പ്രസ്ഥാനത്തോടു ഇണങ്ങിയും പിണങ്ങിയും കൊണ്ടുള്ള ഒരു നിലപാടാണ് ധന്വന്തരി സ്ഥിതപ്രജ്ഞതയോടെ കൈക്കൊണ്ടതും പ്രദർശിപ്പിച്ചതും, പാരമ്പര്യത്തിന്റെ പക്ഷം ചേർന്ന് പുതിയവയെ കണ്ണുംപൂട്ടി തിരസ്കരിക്കലല്ല; പുതുമയുടെ പാട്ടിൽപെട്ട് പാരമ്പര്യത്തെ പടിയടച്ചു പുറത്താക്കലുമല്ല. പൈതൃകത്തെ കാലോചിതമായി പുതുക്കിയെടുക്കാനുള്ള ത്വര ധന്വന്തരിലേഖനങ്ങളുടെ അടയാളക്കുറിയായി. വൈദ്യപഠനത്തെ ആധുനികതയോടടുപ്പിക്കുംവിധം പുതുക്കി ക്രമപ്പെടുത്തുന്ന പ്രവർത്തനങ്ങളുടെ വിസ്തരിച്ച വിവരങ്ങൾ ഇന്ന് ലഭ്യമാകുന്നത് ധന്വന്തരിയുടെ ലക്കങ്ങളിൽ വെളിച്ചം കണ്ട റിപ്പോർട്ടുകളിൽനിന്നത്രേ. വൈദ്യപരീക്ഷയുടെ ചോദ്യക്കടലാസുകളും

പാഠ്യപദ്ധതിയുമടക്കം പഠനത്തിന്റെ എല്ലാ വശങ്ങളും തുറന്നരശായി. ഗുരുകുലസമ്പ്രദായത്തിന്റെ പാരമ്പര്യത്തിൽ നിന്ന് കുതറിച്ചാടി പുതുമയുടെ വഴികളിൽ ആ ശാസ്ത്രം കാലൂന്നിയതിന്റെ ചരിത്രമറിയാൻ ധന്വന്തരിയുടെ ലക്കങ്ങൾ നോക്കുക തന്നെ വേണം. അതുപോലെത്തന്നെയാണ് വൈദ്യന്മാർക്കായി രൂപം കൊണ്ട സമാജത്തിന്റെ കാര്യവും . ഓരോ നാടുകളിൽ ഒറ്റപ്പെട്ടുകഴിഞ്ഞിരുന്ന ആയുർവേദവൈദ്യന്മാരുടെ പൊതുവേദിയായ സമാജത്തിന്റെ ജിഹ്വ കൂടിയായിരുന്നു ധന്വന്തരി എന്നു പറഞ്ഞാൽ തെറ്റില്ല. വൈയക്തികമായ സ്വകാര്യതയുടെ തോടു പൊട്ടിച്ച് വിശാലമായ വിജ്ഞാനപ്രപഞ്ചത്തിലേയ്ക്ക് പ്രവേശിക്കാനുള്ള കവാടമായി ധന്വന്തരി.


ആധുനികതാപ്രസ്ഥാനത്തിന്റെ വ്യാപകസ്വഭാവത്തെക്കുറിച്ച് സൂചിപ്പിച്ചുവല്ലോ. പ്രാദേശികസമൂഹങ്ങളുടെ സമസ്തവ്യവഹാരങ്ങളിലേക്കും ആ മഹാപ്രസ്ഥാനം വേലിയേറിച്ചെല്ലുന്ന കാലമായിരുന്നു അത്. ആ വേലിയേറ്റം ദേശീയശാസ്ത്രധാരയിൽ വരുത്തിയ മാറ്റങ്ങളുടെ ഇളക്കം ധന്വന്തരി ലേഖനങ്ങളിൽ കാണാം. അവയിലെ ഉള്ളടക്കത്തിന്റെയും കാഴ്ചപ്പാടിന്റേയും യഥാർ ത്ഥ താല്പര്യം പൂർണ്ണമായ തോതിൽ മനസ്സിലാക്കുവാൻ ആധുനികതയെക്കുറിച്ചുള്ള വ്യക്തമായ ധാരണവേണം.

ആധുനികതാപ്രസ്ഥാനം പുറമേക്കു കാണുന്നതുപോലെയും തോന്നിപ്പിക്കുന്നതുപോലെയും അത്ര നിക്പക്ഷമോ വസ്തുനിഷ്ഠമോ ശാസ്ത്രീയം പോലുമോ ആയ ഒന്നല്ല. കോളനിസമൂഹങ്ങളെ സംബന്ധിച്ചിടത്തോളം ആധുനികത എന്നാൽ പാശ്ചാത്യാധുനികതയെ ശരണം വരിക്കുക മാത്രമാണെന്നാണ് ആ പ്രസ്ഥാനം പ്രചരിപ്പിച്ചത്. ഫലത്തിൽ, കോളനികൾക്കു കരണീയം പാശ്ചാത്യാധുനികതയെ അനുകരിക്കുക എന്നതായി. പടിഞ്ഞാറൻ സമൂഹങ്ങളുടെ പണിത്തീരാത്ത മാതൃകകളായി തങ്ങളെത്തന്നെ കരുതുന്ന ഒരു പതിവ് ലോകത്തെമ്പാടുമുള്ള കോളനിസമൂഹങ്ങളിൽ വ്യാപിച്ചതെങ്ങിനെയാണ്. പുരോഗതി, വികസനം, അഭിവൃദ്ധി എന്നീ കൊതിപ്പിക്കുന്ന അവസ്ഥകളോടിണക്കിയാണ് കോളനിമേധാവികൾ ആധുനികത എന്ന ആശയം വെച്ചുനീട്ടിയത്. തന്മൂലം അത് നിരസിക്കുന്നത് ആത്മഹത്യാപരമായ നടപടിയായി കരുതപ്പെട്ടുപോവാൻ ഇടയായി. കോളനിജനതകൾ, അങ്ങിനെ, ആധുനികതാപ്രസ്ഥാനത്തിന്റെ വിനീതവിധേയരാവേണ്ടിവന്നു.

വാസ്തവത്തിൽ, ലോക സമൂഹങ്ങളെന്നപോലെ ഭാരതത്തിലെ പ്രാദേശികസമൂഹങ്ങളും നിലവിലുള്ള വ്യവസ്ഥയുടെ ജീർണ്ണതകൾമൂലം ഒരു സമഗ്രപരിവർത്തനത്തിനുവേണ്ടി തിടുക്കം കൊള്ളുന്ന കാലമായിരുന്നു പത്തൊമ്പതാം ശതകം. താന്താങ്ങളുടെ തട്ടങ്ങളിൽ തളഞ്ഞുകിടന്ന നാട്ടുകോയ്മകൾക്ക് വിഭവദാരിദ്ര്യം കലശലായി. ആരാന്റെ ചട്ടിയിൽ കൈയ്യിട്ടുവാരുകയല്ലാതെ ഗതിയില്ലാത്ത് ഒരവസ്ഥ അങ്ങിനെ സംജാതമായി. വിജയനഗരത്തിന്റേയും ദൽഹിസുൽത്താന്മാരുടേയും വാഴ്ച ക്രമേണ ക്ഷീണിച്ചു. പരസ്പരം കലഹിക്കുന്ന നാട്ടുരാജ്യങ്ങൾക്ക് ചോറ്റു പട്ടാളങ്ങളായിരുന്നല്ലോ മുഖ്യശക്തി. പട്ടാളങ്ങൾ യഥാർത്ഥത്തിൽ ഓരോ നാട്ടിലെ ജനങ്ങൾതന്നെ. ഓരോയുദ്ധത്തിലും അപകടപ്പെട്ടതും ദുരിതമനുഭവിച്ചതും സാമാന്യജനതതന്നെ. പട്ടാളങ്ങളേയും പരിവാരങ്ങളേയും തീറ്റിപോറ്റാനും പിന്നെ സ്വന്തം ആഡംബരങ്ങൾക്കുമായി നാട്ടുകോയ്മകൾക്ക് വമ്പിച്ച ആസ്തി ആവശ്യമായിരുന്നു. സമ്പത്തിന്റെ ഏകസ്രോതസ്സ് കൃഷിയുമായിരുന്നു. കാർഷികോല്പാദനത്തിന്റെ ഭാരിച്ച വിഹിതം നികുതിയായും മറ്റുതരം ഭോഗങ്ങളായും പിരിച്ചെടുക്കേണ്ടിവന്നു. ഈ അമിതപ്പിരിവുകളുടെ ഭാരവും പേറേണ്ടിവന്നതു ജനങ്ങൾതന്നെ. അങ്ങനെ സാമാന്യജനത ഭരണകൂടത്തിൽനിന്ന് ദ്വിമുഖമായ പീഢനം ഏറ്റുവാങ്ങിത്തളർന്നു. ഭാരതത്തിലെ അതാതു പ്രാദേശികസമൂഹങ്ങളിലെ രേഖാലയങ്ങളിൽ ഈ പീഢനത്തിന്റെ കഥ പറയുന്ന രേഖകൾ ആയിരക്കണക്കിനുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ പീഢനത്തിന് കുറച്ചധികം തീവ്രതയുണ്ടായിരുന്നു. സ്വതവേ തന്നെ, ഉല്പാദനത്തിൽ പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് കേരളം. ഭൂമിശാസ്ത്രപരവും മറ്റുമായ കാരണങ്ങളാലുള്ള ആ പിന്നോക്കാവസ്ഥ മനസ്സിലാക്കാനോ പരിഹാരങ്ങൾ കണ്ടെത്താനോ അല്ല, അപ്പപ്പോൾ കിട്ടാവുന്നത്ര പിരിവു നടത്താനാണ് അന്നന്നു വാഴ്ച കൊണ്ടവർ തിടുക്കപ്പെട്ടത്. കമ്പനിവാഴ്ചയുടെ തുടക്കത്തിലെ രേഖകളിലും മതിലകം രേഖകളിലും മറ്റും അക്കാലത്തെ ജനങ്ങൾ അനുഭവിച്ച യാതനകളുടെ രേഖകൾ നിരവധിയുണ്ട്. അത്യന്തം ജീർണ്ണമായ ഈ വ്യവസ്ഥയിലേക്കാണ് ആദ്യം കച്ചവടക്കാരായും പിന്നീട് കുത്തകാവകാശക്കാരായും പാശ്ചാത്യ സാമ്രാജ്യശക്തികൾ പ്രത്യക്ഷപ്പെട്ടത്. നാട്ടുകോയ്മകളടക്കം കോളനിജനതയാകെ പുതുതായി പ്രത്യക്ഷപ്പെട്ട ശക്തികളിൽ താന്താങ്ങളുടെ രക്ഷകരെ കണ്ടെത്തി. ലോകകമ്പോളത്തിൽ പ്രിയമുള്ള ഉല്പന്നങ്ങൾക്കുള്ള തുച്ഛവിലയ്ക്കായും അന്നന്നത്തെ മുട്ടുതീർക്കാനുള്ള വായ്പയായും നാട്ടുകോയ്മകളും നികുതിഭാരത്താൽ വലയുന്ന നാട്ടുകാരും കൈനീട്ടിയത് കുത്തകക്കാരായ പുതിയ കമ്പനിയാന്മാരുടെ നേർക്കുതന്നെ. ഈ പൊതുരീതിയിൽ നിന്ന് ചുരുക്കം ചിലർ കുതറിമാറാൻ കിണഞ്ഞെങ്കിലും ഒടുവിൽ അവരും സാമ്രാജ്യശക്തികളുടെ കുത്തകതാല്പര്യങ്ങൾക്കുമുമ്പിൽ മുട്ടുകുത്തുകതന്നെ ചെയ്തു.

ജീർണ്ണവും യാഥാസ്ഥിതികവും പരിവർത്തനനത്തിനുവേണ്ടി തിടുക്കം കൊള്ളുന്നതുമായ ഈ ചുറ്റുപാടിലേക്കാണ് വിദേശക്കോയ്മകളുടെ പ്രവേശം. ആ പ്രവേശം ഭരണപരമായ മേൽക്കൈയോടെയുമായി. പുതുതായി വരുതിയിൽ വന്ന കോളനിയെ ലാഭകരമായി ഉപയോഗിക്കാൻ ഭരണകൂടത്തിന്റെ കൈവശമുള്ള സമസ്ത ഉപകരണങ്ങളും ഉപയോഗിച്ചുകൊണ്ടാണ് ബ്രിട്ടീഷുകാർ അവരുടെ തന്ത്രങ്ങളും നയോപായങ്ങളും രൂപപ്പെടുത്തിയത്.

കെ.ബി. മധുസൂദനൻ




കോളനിവാഴ്ചയുടെ നയരൂപീകരണത്തിൽ കോളനിജനതയെ തീരഞ്ചും അടിമകളാക്കാനുള്ള പരിപാടികൾ സുലഭമായിരുന്നു. ഏറ്റുമുട്ടലിൽ പട്ടാളം കൊണ്ടും കീഴടങ്ങിയവരിൽ പോലീസ് അധികാരത്താലും അടിമത്തം അടിച്ചേല്പിച്ചു എന്നത് ഏവർക്കുമറിയാം. പട്ടാളശക്തികൊണ്ടുള്ള കീഴടങ്ങൾ ശാശ്വതമല്ലെന്ന് കോളനിയജമാനന്മാർക്ക് അസ്സലായറിയാമായിരുന്നു. അതിനാൽ ഉപജീവനോപാധികളിൽ പിടിമുറുക്കാനും ആ വഴിക്ക് ജീവനദാസ്യം ഉറപ്പാക്കാനും വേണ്ട നടപടികൾ ഉണ്ടായി. ഉപ്പ്, ഇരുമ്പ്, എന്നീ അടിസ്ഥാനവസ്തുക്കളുടെ ഉല്പാദനത്തിൽ കമ്പനി കുത്തകയുറപ്പിച്ചു. നാണ്യവിളത്തോട്ടങ്ങൾ വൻതോതിൽ സ്ഥാപിച്ച് അതിന്റെ ഉടമസ്ഥതയും സ്വന്തമാക്കി. ഭൗതികമായ ദേഹദാസ്യവും അതിന്നാധാരമായ ജീവനദാസ്യവും നെടുനാളത്തേയ്ക്കു നിലനിൽക്കാൻ ജ്ഞാനദാസ്യം അത്യന്താപേക്ഷിതമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ നടപ്പിലാക്കിയ വിദ്യാഭ്യാസം ഇപ്പറഞ്ഞ ജ്ഞാനദാസ്യം ഉറപ്പുവരുത്താനുള്ള ഉപാധി എന്ന നിലയിൽ അത്യന്തം ശ്രദ്ധേയമാകുന്നു.

**കേരളീയം**

**മഴനടത്തം**

ജൂലായ് മാസത്തിൽ ഒരു മഴനടത്തം-കൂട്ടായ്മ നടത്തുന്നു.
ബന്ധപ്പെടുക.
94465 81778, 9447615265.

**കേരളീയം**

**പുസ്തകശാല**

**പുസ്തകങ്ങൾ**

1. ഇല്ലംനിറ (കഥകൾ)
   കെ.ആർ. ഇന്ദിര
2. ചെന്നൈ വിശേഷവും കുറിപ്പുകളും
   ബിജു എസ്. ബാലൻ
3. ജാഗ്രതയുടെ കാവൽമാടം
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
4. മാർക്സിസത്തിനുശേഷം
   എഡിറ്റർ : ദിലീപ് രാജ്
5. പ്ലാച്ചിമട : അനുഭവങ്ങൾ, പാളിച്ചകൾ
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. കേരളീയം സൈക്കിൾ പുസ്തകം
   എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

**കേരളീയം**
കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 04872421385
keraleeyamtcr@rediffmail.com